"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള SPCA-യിൽ നിന്നും നിന്നും വിരമിച്ച ശ്രീ പി. രവീന്ദ്രന്റെ 2023-24 വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1615/2024/LSGD തീയതി,തിരുവനന്തപുരം, 02-09-2024

---

പരാമർശം:-
1. സ.ഉ(കൈ) നം.276/2015/ത.സ്വ.ഭ.വ തീയതി 09/09/2015
2. 10/01/2024 തീയതിയിലെ സ.ഉ(സാധാ) നം.319/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20/05/2024 തീയതിയിലെ പി.10-5568/23 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മേൽപരാമർശം സർക്കാർ ഉത്തരവ് (1) പ്രകാരം ,Society for prevention of Cruelty to Animals (SPCA ) യിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കൊന്നും അർഹതയില്ലാത്തതിനാൽ ലംസം എക്സ്ഗ്രേഷ്യാ അലവൻസായി പ്രതിമാസം 8100/- രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ നിന്നും നിന്നും വിരമിച്ച ശ്രീ പി. രവീന്ദ്രന് 2023-24 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസായി 81,000/- രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (2) പ്രകാരം ശ്രീ.പി.രവീന്ദ്രന് 2023-24 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച എക്സ്ഗ്രേഷ്യാ അലവൻസ് തുകയായ 81,000/- രൂപയുടെ ബിൽ കൃവിലാകുകയും ട്രഷറിയിൽ നിന്ന് നിരസിക്കുകയും ചെയ്തതിനാൽ പ്രസ്തുത തുക മാറി നൽകാൻ സാധിച്ചിട്ടില്ലായെന്നും, ടിയാന് 8100/- രൂപ പ്രതിമാസ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 97200/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നതെന്നും, ബാക്കി തുകയായ 16200/- രൂപ കൂടി അനുവദിച്ച നൽകുന്നതിന് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ എക്സ്ഗ്രേഷ്യാ അലവൻസ് ഇനത്തിൽ ശ്രീ രവീന്ദ്രന് മാറി നൽകാൻ കഴിയാത്ത തുക അടക്കം 97200/- രൂപ അനുവദിക്കുന്നതിന് ഉത്തരവാകണമെന്നും ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ-യിൽ നിന്നും വിരമിച്ച ശ്രീ.പി.രവീന്ദ്രന്റെ 2023-24 വർഷത്തെ എക്സ് ഗ്രേഷ്യാ അലവൻസ് ആയ 97,200/- രൂപ (തൊണ്ണൂറ്റിഏഴായിരത്തി ഇരുനൂറ് രൂപാ മാത്രം) നടപ്പ

വർഷത്തെ '2403-00-196-50 (NP)' ശീർഷകത്തിലെ വിഹിതത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
ധനകാര്യ വകുപ്പ് (Dev-2/117/2016-FIN പ്രകാരം)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ (DB3/522/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 04-09-2024 11:34:37